ഭരണഭാഷ-മാതൃഭാഷ

നമ്പർ ഡിഎം1-183902/18

കളക്ടറേറ്റ്,പത്തനംതിട്ട
തീയതി: 11-10-2021 7 PM

**പത്രക്കുറിപ്പ്**

**ജാഗ്രതാ നിർദ്ദേശം**

കേന്ദ്ര കാലവസ്ഥ വകുപ്പിന്റെ പുതുക്കിയ മഴ സാധ്യത പ്രവചന പ്രകാരം 2021 ഒക്ടോബർ 11, 12 തീയതികളിൽ അതി ശക്തമായ മഴക്കുള്ള ഓറഞ്ച് (Orange) മുന്നറിയിപ്പ് പുറപ്പെടുവിച്ചിരിക്കുന്നതിനാലും ജില്ലയിൽ ശക്തമായ മഴ പെയ്യുന്നതിനാലും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി സ്ഥിതി ഗതികൾ സസൂക്ഷ്മം നിരീക്ഷിച്ചു വരികയാണ്.

മണിയാർ ബാരേജിലെ ജലനിരപ്പ് ഉയരുന്ന പക്ഷം ജലനിരപ്പ് 34.62 മീറ്ററായി ക്രമീകരിക്കുന്നതിനായി മുന്നറിയിപ്പ് പിൻവലിക്കുന്നതുവരെ ഏതു സമയത്തും മണിയാർ ബാരേജിന്റെ ഷട്ടറുകൾ 150 സെ.മി എന്ന തോതിൽ ഉയർത്തി 350 കുമക്സ് ജലം പുറത്തു വിടേണ്ടി വന്നേക്കാം.

ഇപ്രകാരം ഷട്ടറുകൾ ഉയർത്തുന്നത് മൂലം കക്കാട്ടാറിൽ 150 സെ.മി. വരെ ജലനിരപ്പ് ഉയർന്നേക്കാമെന്നുള്ള സാഹചര്യത്തിൽ കക്കാട്ടാറിന്റെയും, പമ്പയാറിന്റെയും തീരത്ത് താമസിക്കുന്ന ആളുകളും മണിയാർ ,പെരുനാട്, വടശ്ശേരിക്കര, റാന്നി, കോഴഞ്ചേരി, ആറന്മുള നിവാസികളും പൊതുജനങ്ങളും ജാഗ്രതാ പുലർത്തേണ്ടതും, നദികളിൽ ഇറങ്ങുന്നത് ഏതു സാഹചര്യത്തിലും ഒഴിവാക്കേണ്ടതുമാണ് എന്നറിയിക്കുന്നു .

**ചെയർമാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി &**
**ജില്ലാ കളക്ടർ, പത്തനംതിട്ട**

പകർപ്പ് : 1)- ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട (പത്ര ദൃശ്യ ശ്രാവ്യ സാമൂഹ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരണത്തിനായും പ്രചാരണത്തിനുമായി )